കണക്ഷന് സാധാരണ അപേക്ഷ നൽകി കാത്തിരിക്കുന്നവർ

3 [3140] ശ്രീ. പി. കെ. അബ്ദുറബ്ബ്:
„ കെ. കുട്ടി അഹമ്മദ് കുട്ടി:
„ പി. കെ. കെ. ബാവ:
„ വി. കെ. ഇബ്രാഹിം കുഞ്ഞ്:
„ സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പരാധീനത കാരണം ഒ. വൈ. ഇ. സി.-യിൽ തുക അടയ്ക്കാൻ സാധിക്കാത്തതിനാൽ സാധാരണ രീതിയിൽ സി. ഡി. അടച്ച് ഗാർഹിക വൈദ്യുതി കണക്ഷന് അപേക്ഷിച്ചിട്ടുള്ള എത്ര അപേക്ഷകർ ഇതുവരെയായി സംസ്ഥാനത്തുണ്ട്;

(ബി) ഇതിൽ തിരുവനന്തപുരം നഗരത്തിൽ എത്ര അപേക്ഷകരുണ്ട്;

(സി) ഓല മേഞ്ഞ കുടിലുകളിൽ താമസിക്കുന്ന ഇത്തരം പാവപ്പെട്ട അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകാൻ പ്രത്യേകം പരിഗണന നൽകുമോ?

ഉത്തരം

(എ) 3,67,746 അപേക്ഷകർ.

(ബി) 2607 അപേക്ഷകർ.

(സി) ബി. പി. എൽ., കുടിൽജ്യോതി, തീരജ്യോതി എന്നീ പദ്ധതികൾ പ്രകാരം പാവപ്പെട്ട അപേക്ഷകർക്ക് കണക്ഷൻ നൽകി വരുന്നുണ്ട്.

വൈദ്യുതി കണക്ഷൻ നൽകുന്നതിന് പ്രത്യേക പരിഗണന

4 [3141] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വൈദ്യുതി കണക്ഷൻ നൽകുന്നതിനു വേണ്ടുന്ന മാനദണ്ഡം എന്തൊക്കെയാണ്;

(ബി) പട്ടികജാതി-പട്ടികവർഗ്ഗക്കാരും ദുർബല വിഭാഗത്തിൽപ്പെട്ടവരും തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങൾക്ക് പ്രത്യേക പരിഗണന നൽകുമോ?

ഉത്തരം

(എ) കണക്ഷൻ ലഭിക്കേണ്ട കെട്ടിടത്തിൽ നിന്നും 235 മീറ്റർ ദൂരത്തിനുള്ളിലായി എൻ. ടി. ലൈൻ നിലവിലുണ്ടെങ്കിൽ അപേക്ഷ നൽകി വയറിംഗ് ജോലികൾ പൂർത്തിയാക്കിയാൽ മുൻഗണനാക്രമം അനുസരിച്ച് കണക്ഷൻ ലഭിക്കുന്നതാണ്. 200 മീറ്ററിൽ കൂടുതൽ ഓവർഹെഡ് ലൈൻ ആവശ്യമുണ്ടെങ്കിൽ മിനിമം ഗ്യാരന്റി വച്ച് കണക്ഷൻ ലഭ്യമാക്കാവുന്നതാണ്.

(ബി) പട്ടികജാതി-പട്ടികവർഗ്ഗക്കാർ താമസിക്കുന്ന പ്രദേശങ്ങളുടെ വൈദ്യുതീകരണം അതിനായുള്ള പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ മുൻഗണനാടിസ്ഥാനത്തിൽ വൈദ്യുതി ലഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly